*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

158th Issue - Volume 4, No. 39 ജാഗ്രത 5th November 2010

"Rejoice with those who rejoice, weep with those who weep. Live in harmony with one another.Do not be haughty, but associate with the lowly. Never be wise in your own sight. Repay no one evil for evil, but give thought to do what is honorable in the sight of all. If possible, so far as it depends on you, live peaceably with all."

(Romans 12:15-18)

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. MARIA BERTILLA BOSCARDIN

## പ്രധാന വാർത്തകൾ

സ്നേഹവും സാഹോദര്യവും നിലനിർത്താൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം: ഡോ. വിൻസെന്റ് സാമുവൽ

---

ശരിയായ വിദ്യാഭ്യാസം നല്ല സമൂഹത്തെ രൂപപ്പെടുത്തും: മാർ ജോസഫ് പെരുന്തോട്ടം

---

ഗാനങ്ങൾ രോഗികൾക്കു പ്രത്യാശ നല്കുന്ന ദിവ്യൗഷധങ്ങൾ: മാർ പോളി കണ്ണൂക്കാടൻ

---

അല്മായ സമൂഹത്തെ ശക്തിപ്പെടുത്തും: മാർ മാത്യു അറയ്ക്കൽ

---

സ്നേഹമാണ് ബൈബിളിന്റെ സന്ദേശം: ഡോ.സൂസപാക്യം

## സ്നേഹവും സാഹോദര്യവും നിലനിർത്താൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം: ഡോ. വിൻസെന്റ് സാമുവൽ



സ്നേഹം സാഹോദര്യം തുടങ്ങിയ വയിൽ നിന്നും സമൂഹം അകന്നു പോയ്ക്കൊണ്ടിരിക്കുകയാണെന്നും യേശുവിന്റെ വചനങ്ങളിൽ അധിഷ്ഠിതമായ സ്നേഹത്തേയും സാഹോദര്യത്തേയും സമൂഹത്തിൽ നിലനിർത്താൻ യുവജനങ്ങൾ രംഗത്തിറങ്ങണമെന്നും കെസിബിസി യൂത്ത് കമ്മീഷൻ ചെയർമാനും നെയ്യാറ്റിൻകര ബിഷപ്പുമായ ഡോ. വിൻസെന്റ് സാമുവൽ സമൂഹത്തെ ഉദ്ബോധിപ്പിച്ചു. ഓച്ചന്തുരുത്ത് കുരിശിങ്കൽ ഇടവകയിൽ സമ്പൂർണ യുവജനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. പരിശുദ്ധ പോംപെ മാതാവിന്റെ നൂറ്റിപ്പത്താമത് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും പുനർനിർമിച്ച കപ്പേളയുടെ വെഞ്ചരിപ്പും ഇതോടൊപ്പം ബിഷപ് നിർവഹിച്ചു. സമ്മേളനത്തിൽ ഫാ. മാത്യു ഡിക്കൂഞ്ഞ അധ്യക്ഷനായിരുന്നു. എം.കെ പുരുഷോത്തമൻ എംഎൽഎ, കെസിവൈഎം സംസ്ഥാനഡയറക്ടർ ഫാ. ജെയ്സൻ കൊള്ളനൂർ, ഫാ. ജോൺ തുണ്ടിയിൽ ഐ.എം ആന്റണി, ജോബ് കുണ്ടോണി, സി. ജീൻമേരി, ഫാ. പോൾസൺ സിമേന്തി, ഫാ. ജോളിജോൺ ഓടത്തക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ ഇടവകാതിർത്തിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആറു ജനപ്രതിനിധികളെ ആദരിച്ചു. തുടർന്ന് സാമൂഹ്യ സാംസ്കാരിക മേഖലയും തൊഴിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പൊതു സംവാദങ്ങൾ, ചർച്ചകൾ കലാപരിപാടികൾ തുടങ്ങിയവ നടത്തി. ജനറൽ കൺവീനർ ഫ്രാൻസീസ് ഷെൻസൺ കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ് ജോർജ് ഡിക്സൺ, മേഖല സെക്രട്ടറി നെബിൻ ഡിസിൽവ, കൺവീനർ ജോൺ ജോബ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ശരിയായ വിദ്യാഭ്യാസം നല്ല സമൂഹത്തെ രൂപപ്പെടുത്തും: മാർ ജോസഫ് പെരുന്തോട്ടം



നല്ല വിദ്യാഭ്യാസമാണ് നല്ല സമൂഹത്തെ രൂപപ്പെടുത്തുന്നതെന്നും വിദ്യാഭ്യാസം ശരിയായ പാതയിലാണെങ്കിൽ മാത്രമേ നല്ല ലക്ഷ്യത്തിലെത്തുകയുള്ളൂവെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി അസംപ്ഷൻ കോളജിൽ നടന്ന സേവ്യർ ബോർഡ് കേരള സൗത്ത് റീജിയന്റെ ആഭിമുഖ്യത്തിലുള്ള ഏകദിനസെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. മാനേജർ മോൺ. ജോസഫ് നടുവിലേഴം, പ്രഫ. കെ.കെ.ജോസ്, പ്രിൻസിപ്പൽ ഡോ.സിസ്റ്റർ സുമറോസ്, പ്രഫ. റോസിലിൻ ഫിലിപ്പ്, പ്രഫ. പി.സി. അനിയൻകുഞ്ഞ്, എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെംബർ ഡോ. സി.ജോർജുകുട്ടി എന്നിവർ പ്രസംഗിച്ചു.

## ഗാനങ്ങൾ രോഗികൾക്കു പ്രത്യാശ നല്കുന്ന ദിവ്യൗഷധങ്ങൾ: മാർ പോളി കണ്ണൂക്കാടൻ



ഗാനങ്ങൾ രോഗികൾക്ക് പ്രത്യാശ നല്കുന്ന ദിവ്യൗഷധങ്ങളാണെന്ന് ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ. അമലയിലെ രോഗികൾക്ക് സാന്ത്വനം പകരാനായി ഒരുക്കിയ സ്വർഗീയലേപനം എന്ന ഓഡിയോ സിഡി പുറത്തിറക്കി സംസാരിക്കുകയായിരുന്നു ബിഷപ്. പറവൂർ ജോർജ് സിഡിയുടെ ആദ്യപ്രതി ഏറ്റുവാങ്ങി. അമല ഹോസ്പിറ്റലാണ് 12 ഗാനങ്ങളടങ്ങിയ സിഡി പുറത്തിറക്കിയിരിക്കുന്നത്. ഗാനരചന നിർവഹിച്ച ഫാ. ജോഷി കണ്ണൂക്കാടൻ, സംഗീതം നല്കിയ ബൈജു മാത്യു, ഗായകൻ വിൽസൻ പിറവം, അമല ഡയറക്ടർ ഫാ. പോൾ ആച്ചാണ്ടി, അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. പിന്നണിഗായകരായ ജി. വേണുഗോപാൽ, സുജാത, മധു ബാലകൃഷ്ണൻ, ജ്യോത്സ്ന, വിധുപ്രതാപ്, കെസ്റ്റർ, വിൽസൻ പിറവം എന്നിവരാണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്.

## അല്മായ സമൂഹത്തെ ശക്തിപ്പെടുത്തും: മാർ മാത്യു അറയ്ക്കൽ



സുറിയാനി കത്തോലിക്കരുടെ മഹത്തായ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ച് അത്മായ സമൂഹത്തെ ശക്തിപ്പെടുത്താൻ സഭ പ്രതിജ്ഞാബദ്ധമാണെന്നു കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ മാത്യു അറയ്ക്കൽ. ഡൽഹിയിലെ സീറോ മലബാർ അത്മായ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഗോൾഡാഖാന കത്തീഡ്രലിനോടനുബന്ധിച്ചുള്ള യൂസഫ് സദൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഡൽഹിയിലെ അപ്പസ്തോലിക് വിസിറ്റേറ്റർ മാർ ഗ്രേഷ്യൻ മുണ്ടാടൻ അധ്യക്ഷത വഹിച്ചു. സാമൂഹ്യപ്രവർത്തക ദയാബായിയെ സമ്മേളനത്തിൽ ആദരിച്ചു. കേന്ദ്ര ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗം ഡോ.സിറിയക് തോമസ്, ദേശീയ ന്യൂനപക്ഷ കമ്മീഷൻ മുൻ അംഗം വി.വി. അഗസ്റ്റിൻ, ദയാബായി, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ, ഡൽഹി സീറോ മലബാർ മിഷൻ കോ-ഓർഡിനേറ്റർ ഫാ.ജോസ് ഇടശേരി, അല്മായ കമ്മീഷൻ ശാസ്ത്ര-സാങ്കേതിക ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ.മാത്യു ചന്ദ്രൻകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. ലോകത്തെ ഏതാണ്ടെല്ലാ രാജ്യത്തും സുറിയാനി കത്തോലിക്കരായ സന്യസ്തരും അല്മായരും പ്രേഷിതപ്രവർത്തനത്തിനുണ്ടെന്നത് അഭിമാനാർഹമാണെന്ന് മാർ ഗ്രേഷ്യൻ മുണ്ടാടൻ പറഞ്ഞു. സഭാ പ്രവർത്തനങ്ങളിൽ അത്മായരെ ഉപദേശക പദവിയിൽ പരിമിതപ്പെടുത്താതെ പങ്കാളിത്തത്തിലേക്ക് മാറ്റേണ്ടത് സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണെന്ന് ഡോ. സിറിയക് തോമസ് ചൂണ്ടിക്കാട്ടി. കത്തോലിക്കർ അണുകുടുംബങ്ങളായി മാറുന്ന പ്രവണത മാറ്റാനും പരസ്പരം സഹായിക്കുന്നതിനും മുൻകൈയെടുക്കണമെന്നു വി.വി. അഗസ്റ്റിൻ അഭിപ്രായപ്പെട്ടു. സീറോ മലബാർ സോഷ്യൽ മിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ ഫാ.വർഗീസ് ചക്കുങ്കൽ, ഡൽഹി സീറോ മലബാർ കാത്തലിക് അസോസിയേഷൻ ഭാരവാഹികളായ തങ്കച്ചൻ ജോസ്, പി.ജെ. തോമസ്, സിറിയക് ചാഴികാടൻ, ശാന്തി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

## സ്നേഹമാണ് ബൈബിളിന്റെ സന്ദേശം: ഡോ. സൂസപാക്യം



സ്നേഹിതർക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നതാണ് സ്നേഹത്തിന്റെ പാരമ്യമെന്ന് തിരുവനന്തപുരം അതിരൂപതാ ആർച്ചുബിഷപ്പ് ഡോ.എം. സൂസപാക്യം. ക്രസ്തു സ്വജീവിതം കൊണ്ട് ഇക്കാര്യമാണ് നമ്മെ പഠിപ്പിച്ചത്. സത്യത്തിനും ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടിയാണ് അദ്ദേഹം ജീവൻ ത്യജിച്ചതെന്ന് അദ്ദേഹം പറഞ്ഞു. സൂര്യാ പ്രഭാഷണ പരമ്പരയിൽ ബൈബിളിനെക്കുറിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.സ്നേഹം എന്ന ഒറ്റവാക്കിൽ ബൈബിളിനെ സംഗ്രഹിക്കാം. ബൈബിളിലെ ഓരോവാക്യവും വാക്കും ദൈവസ്നേഹത്തെ പ്രഘോഷിക്കുന്നതാണ്. വിശുദ്ധവും നിഷ്കളങ്കമായ ഹൃദയമുണ്ടെങ്കിൽ മാത്രമേ ദൈവസ്നേഹം അനുഭവിക്കുവാൻ കഴിയു എന്നും അദ്ദേഹം പറഞ്ഞു.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA

******